# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3622 — 15/03/2018-ൽ മറുപടിക്ക്

## വൈദ്യുതി ഉപയോഗം

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിലവിലെ പ്രതിദിന വൈദ്യുതി ഉപയോഗം ശരാശരി എത്ര കോടി യൂണിറ്റാണെന്ന് വ്യക്തമാക്കാമോ; | (എ) | 2018 മാർച്ച് മാസം 11-ാം തീയതിയിലെ കണക്കുകൾ പ്രകാരം നിലവിൽ കേരളത്തിലെ ശരാശരി പ്രതിദിന വൈദ്യുതി ഉപഭോഗം 7.426 കോടി യൂണിറ്റാണ്. |
| (ബി) | ഉപയോഗം ഏഴുകോടി യൂണിറ്റിൽ കൂടുന്നത് ബോർഡിന് സാമ്പത്തിക നേട്ടമുണ്ടാക്കുമെന്ന വിദഗ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 2017-18 കാലയളവിലേക്ക് റഗുലേറ്ററി കമ്മീഷൻ സ്വമേധയാ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം 2018 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പ്രതീക്ഷിത വൈദ്യുതി ഉപഭോഗം യഥാക്രമം 7.78 കോടി, 8.21 കോടി യൂണിറ്റ് എന്നിങ്ങനെയാണ്. വൈദ്യുതി ബോർഡിന്റെ പ്രതീക്ഷിത വരുമാനം കണക്കാക്കിയിട്ടുള്ളത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ഉപഭോഗം 7 കോടി യൂണിറ്റിന് മുകളിലാകുമെന്ന പ്രതീക്ഷയിലാണ് പ്രതീക്ഷിത വരുമാനം കണക്കാക്കിയിരിക്കുന്നത് എന്നതിനാൽ എന്തെങ്കിലും അധികസാമ്പത്തിക ലാഭം പ്രതീക്ഷിക്കാനാവില്ല. |
| (സി) | എങ്കിൽ ഈ വർഷം ഉപയോഗം എത്ര കോടി യൂണിറ്റായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | 2017-18 കാലയളവിലെ മാർച്ച് മാസത്തെ പ്രതിദിന പരമാവധി ഉപഭോഗം 8.2 കോടി യൂണിറ്റാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ഡി) | 2016ലെ വൈദ്യുതി ഉപയോഗം എത്ര യൂണിറ്റായിരുന്നു എന്ന് വ്യക്തമാക്കാമോ? | (ഡി) | 2016-17 സാമ്പത്തിക വർഷത്തെ വൈദ്യുതി ഉപഭോഗം 23818.2950 ദശലക്ഷം യൂണിറ്റായിരുന്നു. (മാർച്ച് 31/2017-ലെ കണക്കുകൾ പ്രകാരം). |

സെക്ഷൻ ഓഫീസർ